I ഇ.ബി. XIII – കേരള നിയമസഭ/I-10

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ജൂലൈ 12, ചൊവ്വ

നിയമസഭ രാവിലെ 8.30 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**ശ്രദ്ധക്ഷണിക്കൽ**

**(1) മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള സമാശ്വാസ പദ്ധതികൾ**

ശ്രീ. എസ്. ശർമ്മ : മത്സ്യസമ്പത്തിന്റെ ലഭ്യതയിലുണ്ടാകുന്ന കുറവും ട്രോളിംഗ് നിരോധനവുംമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളി കൾക്ക് സർക്കാരിന്റെ സമ്പാദ്യ സമാശ്വാസ പദ്ധതി അനുസരിച്ച് 1800 രൂപ വീതമുള്ള ധനസഹായം ഏപ്രിൽ-മേയ്-ജൂൺ മാസങ്ങളിൽ മൂന്ന് ഗഡുക്കളായി വിതരണം ചെയ്തിരുന്നു. എന്നാൽ ഈ വർഷം കടലോരത്തെ മത്സ്യത്തൊഴിലാളികൾക്ക് ഒരു ഗഡു കൊടുത്തുവെങ്കിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഒരു ഗഡുപോലും കൊടുത്തിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ബി.പി.എൽ. കുടുംബാംഗങ്ങൾ മാത്രമാണെങ്കിലും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എല്ലാ മത്സ്യത്തൊഴിലാളി

കൾക്കും ഈ ആനുകൂല്യം ലഭ്യമാക്കുകയും ബഡ്ജറ്റിൽ നീക്കിവച്ച തുക തികയാതെ വരുമ്പോൾ അഡീഷണൽ ആതറൈസേഷൻ വഴി പണം ലഭ്യമാക്കി സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്തിരുന്നു. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് കഴിഞ്ഞ ബഡ്ജറ്റിൽ ഈ ആനുകൂല്യം 3600 രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. പദ്ധതി പ്രകാരം ജൂൺ മാസത്തോടെ മുഴുവൻ തുകയും വിതരണം ചെയ്യേണ്ടതായിരുന്നു വെങ്കിലും ആകെ നൽകിയിട്ടുള്ളത് ആദ്യ ഗഡുവായ 600 രൂപ മാത്രമാണ്. മൽസ്യത്തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള തുക വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളി കൾക്ക് മത്സ്യഫെഡ്വഴി നൽകിയ ഭവന നിർമ്മാണ വായ്പാകുടിശ്ശിക യായ 11.82 കോടി രൂപയും മത്സ്യബന്ധന ഉപകരണങ്ങൾക്കായി എൻ.സി. ഡി.സി. വഴി നൽകിയ 115.4 കോടി രൂപയുടെ വായ്പയും ആദ്യഘട്ടം എഴുതിത്തള്ളുകയും ആധാരം തിരിച്ച് നൽകുകയും ചെയ്തു. രണ്ടാംഘട്ട കടാശ്വാസമായി പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴി ലാളികൾ എടുത്തിട്ടുള്ള 254 കോടി രൂപയുടെ കടത്തിൽ 115 കോടി രൂപ എഴുതിത്തള്ളിയതുകൂടാതെ 100 കോടി രൂപ ബഡ്ജറ്റിൽ അനുവദിക്കുകയും അത് കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിക്കൊടുക്കു കയും ചെയ്തിരുന്നു. ശേഷിക്കുന്ന തുക സഹകരണ സംഘങ്ങൾക്ക് നൽകുന്നതിനായി ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. കടാശ്വാസ നടപടികൾ വേഗം പൂർത്തീകരിക്കുന്നതിനും മേയ് മാസത്തിൽ അവസാനിച്ച മൊറട്ടോറിയത്തിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനും ജപ്തി നടപടികൾ നിറുത്തിവയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം ഒരു മൽസ്യത്തൊഴിലാളി ഗുണഭോക്താവ് 600 രൂപ വിഹിതം അടയ്ക്കുമ്പോൾ 600 രൂപ സംസ്ഥാന സർക്കാർ വിഹിതവും 600 രൂപ കേന്ദ്ര സർക്കാർ വിഹിതവുമാണ്. ഇങ്ങനെ സമാഹരിക്കുന്ന 1,800 രൂപ മൂന്നുതവണകളായി അവർക്ക് തിരികെ നൽകുന്നു. കടലോര മേഖലയിൽ ജൂലൈ മാസം മുതൽ മാർച്ച് മാസം വരെയും ഉൾനാടൻ മേഖലയിൽ സെപ്തംബർ മാസം മുതൽ അടുത്ത മേയ് മാസം വരെയുമാണ് ഗുണഭോക്തൃവിഹിതം അടയ്ക്കുന്നത്. ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നത് കടലോര മേഖലയിൽ ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും ഉൾനാടൻ മേഖലയിൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുമാണ്. 2010-11-ൽ 179140 മത്സ്യത്തൊഴിലാളികൾ പദ്ധതിയിൽ അംഗങ്ങളായി ചേരുകയും 10.60 കോടി രൂപ മത്സ്യത്തൊഴിലാളി വിഹിതമായി സമാഹരിക്കുകയും ചെയ്തു. സർക്കാർ വിഹിതമായി വേണ്ടത് 21.20 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 10 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ബാക്കിയുള്ള 11.20 കോടി രൂപ ഇപ്പോൾ അനുവദിച്ചുകഴിഞ്ഞു. ഉൾനാടൻ മേഖലയിൽ നൽകാനുള്ള തുക എത്രയും പെട്ടെന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എ.പി.എൽ., ബി.പി.എൽ. ഭേദമില്ലാതെ എല്ലാ മൽസ്യത്തൊഴിലാളികൾക്കും ഈ പദ്ധതിയിൽ ചേരാവുന്നതാണ്. കേരള സംസ്ഥാന മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഹഡ്കോ ഭവന വായ്പാ ഇനത്തിൽ 9891 മൽസ്യത്തൊഴിലാളികൾക്കും എൻ.സി.ഡി.സി. വായ്പാ ഇനത്തിൽ 48355 മൽസ്യത്തൊഴിലാളികൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. സഹകരണ

ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽനിന്നുള്ള വായ്പകളിന്മേലും എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നിവിടങ്ങളിൽ നിന്നും മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വായ്പകളിന്മേലും മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ അവരുടെ തനത് ഫണ്ട് വിനിയോഗിച്ച് നൽകിയ വായ്പകളിന്മേലും കടാശ്വാസം നൽകുന്നതിനായി 253.59 കോടി രൂപ അനുവദിക്കുകയും ആദ്യ ഗഡുവായി 100 കോടി രൂപ റിലീസ് ചെയ്യുക യുമുണ്ടായി. ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളുമായി ബന്ധപ്പെട്ട കടാശ്വാസത്തിന് അർഹതയുള്ളവരുടെ പട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. മൊറട്ടോറിയത്തിന്റെ കാലാവധി ദീർഘിപ്പി ക്കുന്നതിനെക്കുറിച്ചും ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നതിനെ ക്കുറിച്ചും ജപ്തിനടപടികൾ നിറുത്തിവയ്ക്കുന്നതിനെക്കുറിച്ചും പരിശോധി ക്കുന്നതാണ്.

## (2) <u>തോട്ടംതൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി</u>

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: അറുപത് വർഷം മുമ്പുണ്ടാക്കിയ പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ചാണ് തോട്ടം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളും ക്ഷേമകാര്യങ്ങളും നടപ്പിലാക്കിവരുന്നത്. എന്നാൽ ആ ആക്ടിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും തോട്ടം ഉടമകൾ നടപ്പിലാക്കാത്തതുകാരണം തോട്ടംതൊഴിലാളികളുടെ അവസ്ഥ വളരെ ശോചനീയമാണ്. സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ തോട്ടംതൊഴിലാളികൾക്ക് ബാധകമാകുന്നില്ല. കാലാനുസൃതമായി കൃഷിരീതികളിൽ വന്ന മാറ്റമനുസരിച്ചുണ്ടാകുന്ന

രോഗങ്ങൾ തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനോ ചികിത്സാ സൗകര്യം നൽകുന്നതിനോ മാനേജ്മെന്റുകൾ തയ്യാറാകുന്നില്ല. പ്രതികൂല കാലാവസ്ഥയിൽ ഏറ്റവും കുറഞ്ഞ കൂലിക്ക് ജോലി ചെയ്യാൻ നിർബന്ധിതരായ തോട്ടം തൊഴിലാളികൾക്ക് ജോലിഭാരത്തിന് അനുസൃത മായ കൂലിയോ ഇ.എസ്.ഐ. ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ബി.പി.എൽ., എ.പി.എൽ. വ്യത്യാസമില്ലാതെ തോട്ടംമേഖലയിലെ എല്ലാ തൊഴിലാളി കൾക്കും കിലോഗ്രാമിന് ഒരു രൂപയ്ക്ക് അരി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതോടൊപ്പം അവർക്ക് കുടിവെള്ളവും വൈദ്യുതിയും ലാട്രിൻ സൗകര്യങ്ങളും ലഭ്യമാക്കണം. പ്ലാന്റേഷൻ മേഖലയിൽ അമ്പതുശതമാന ത്തോളം വരുന്ന സ്ത്രീതൊഴിലാളികൾക്ക് ആവശ്യമായ പ്രാഥമിക സൗകര്യ ങ്ങൾ ലഭ്യമാക്കണം. അവരുടെ കുട്ടികളുടെ സംരക്ഷണത്തിന് ക്രഷ് സംവിധാനം ഏർപ്പെടുത്തണം. ഫെയർ വേജസ് ആക്ട് പ്രകാരം തോട്ടംതൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുകയും ഇൻഷ്വറൻസ് പരിരക്ഷ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും വേണം. ഓണക്കാലത്ത് ഇടക്കാലാശ്വാസം നൽകാനും . എസ്.എസ്.എൽ.സി. കഴിഞ്ഞ് തുടർവിദ്യാഭ്യാസത്തിനുപോകുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി <u>(ശ്രീ. ഷിബു ബേബി ജോൺ</u>): സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന 11 തോട്ടങ്ങളിൽ 7 എണ്ണം പാരിസ്ഥിതികമായി ദുർബലപ്രദേശത്തായതുകൊണ്ട് പൂട്ടിയതാണ്. തൊഴിൽ പ്രശ്നങ്ങൾ കാരണം ഒരു തോട്ടവും പൂട്ടിക്കിടക്കുന്നില്ല. തൊഴിലാളി സംഘടനകൾ താൽപര്യം കാണിക്കാത്തതുകൊണ്ടാണ് പൂട്ടിക്കിടക്കുന്ന മിക്ക തോട്ടങ്ങളും തുറന്ന് പ്രവർത്തിപ്പിക്കാൻ

സാധിക്കാത്തത്. തൊഴിലുറപ്പ് പദ്ധതിപ്രകാരം 125 രൂപ കിട്ടുന്ന ഒരു തൊഴിലാളി തോട്ടംമേഖലയിലേയ്ക്ക് വരാൻ മടിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. എല്ലാ തോട്ടമുടമകളും വർദ്ധിച്ച കൂലി കൊടുക്കാൻ തയ്യാറാകുന്നില്ല. തോട്ടംതൊഴിലാളികൾക്കുള്ള ചികിത്സാ സൗകര്യങ്ങളും ലയങ്ങളുടെ അവസ്ഥയും പരിതാപകരമായതുകൊണ്ട് അവരുടെ ജീവിത സാഹചര്യങ്ങളിൽ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. തോട്ടംമേഖല യിലെ കുട്ടികളെ സ്ക്കൂളുകളിൽ എത്തിക്കുന്നതിന് വാഹനസൗകര്യം ലഭ്യമാക്കുന്നതിനും അവർക്കുവേണ്ടി ഒരു റെസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ആരംഭിക്കുന്നതിനും ആലോചിക്കുന്നുണ്ട്. 1951-ലെ നിയമം കാലോചിതമായി പരിഷ്ക്കരിച്ചുകൊണ്ട് തൊഴിലാളികൾക്ക് മാന്യമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും ശമ്പള പരിഷ്ക്കരണമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശ്രമമുണ്ടാകും.

**സബ്മിഷൻ**

**(1) <u>പാചകവാതക സിലിണ്ടറിന്റെ എണ്ണം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച്</u>**

<u>ശ്രീ. എളമരം കരീം</u>: ജനങ്ങൾക്ക് ഇപ്പോൾ ലഭിച്ചുവരുന്ന പാചക വാതക സിലിണ്ടറുകളുടെ എണ്ണം ഒരു വർഷത്തിൽ നാലാക്കി പരിമിത പ്പെടുത്തണമെന്ന കേന്ദ്ര മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശ ആശങ്കാ ജനകമാണ്. പാചകവാതകത്തിനുമേൽ വരുത്താൻ പോകുന്ന വിലവർദ്ധ നവും സിലിണ്ടറുകളുടെ എണ്ണത്തിൽ വരുത്തിയ നിയന്ത്രണവും ഉപേക്ഷിക്കണമെന്ന കേരളജനതയുടെ പൊതുവികാരം ഒരു പ്രമേയത്തി ലൂടെ ഇപ്പോൾത്തന്നെ കേന്ദ്രത്തെ അറിയിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ച അവസരത്തിൽ സംസ്ഥാന ഗവൺമെന്റിന് കിട്ടേണ്ട സെയിൽസ് ടാക്സ് വിഹിതം വേണ്ടെന്നുവച്ച് ജനങ്ങൾക്ക് കഴിയുന്നിടത്തോളം സഹായം ഗവൺമെന്റ് ചെയ്തിട്ടുണ്ട്. പാചകവാതക സിലിണ്ടറിന്റെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതുസംബന്ധിച്ച് ഔദ്യോഗികമായി വിവരം ലഭിച്ചിട്ടില്ല. പത്രമാധ്യമങ്ങളിൽ നിന്നുള്ള വാർത്തയനുസരിച്ച് ക്യാബിനറ്റ് സബ് കമ്മിറ്റി തീരുമാനപ്രകാരം നാല് സിലിണ്ടറിൽ കൂടുതൽ ഉപയോഗിക്കുന്നവരിൽ നിന്ന് സബ്സിഡി ഒഴിവാക്കി മാർക്കറ്റ് വിലയായ ൪00 രൂപ ഈടാക്കാൻ പോകുന്നു എന്നാണ് അറിയുന്നത്. ആറ് സിലിണ്ടർ വരെ സബ്സിഡിയായി നിലനിർത്തിക്കൊണ്ട് ബാക്കിവരുന്നതിന് മാർക്കറ്റ് വില ഈടാക്കിയാൽ മതി എന്ന പ്രൊപ്പോസലും ഇപ്പോൾ പരിഗണിക്കുന്നതായാണ് അറിയാൻ കഴിഞ്ഞത്. കേന്ദ്ര സർക്കാരിന്റെ ഈ നിലപാട് പാചകവാതകത്തെ ആശ്രയിക്കുന്ന സംസ്ഥാന ജനതയെ വളരെയേറെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ സഭയുടെ വികാരം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. മണ്ണെണ്ണയുടെ അളവ് വെട്ടിക്കുറച്ചതിനാൽ റേഷൻകട വഴി കാർഡൊന്നിന് നൽകുന്ന മണ്ണെണ്ണ ഒരു ലിറ്ററായി പരിമിതപ്പെടുത്തി. 2011 ആഗസ്റ്റ് മാസത്തോടുകൂടി അത് 1.5 ലിറ്ററായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഈ വിഷയത്തെ സംബന്ധിച്ച് ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കി സഭയുടെ വികാരം കേന്ദ്ര സർക്കാരിനെ അറിയിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): നിലവിലുള്ള ചട്ടപ്രകാരം ഒരു റെസല്യൂഷൻ പാസ്സാക്കി അയയ്ക്കുന്നതിനെക്കുറിച്ച് കാര്യോപദേശക സമിതി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

(2) **സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ**

ശ്രീ. സി.പി. മുഹമ്മദ്: സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ കാലതാമസം ഒഴിവാക്കി എത്രയുംവേഗം തീർപ്പുണ്ടാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): 1.4 ലക്ഷം ഫയലുകൾ സെക്രട്ടേറിയറ്റിലും 3.5 ലക്ഷം ഫയലുകൾ വിവിധ വകുപ്പുകളിലും തീർപ്പാകാതെയുണ്ട്. നൂറുദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നിയമപരമായി തടസ്സമില്ലാത്ത കാര്യങ്ങൾ പരിശോധിച്ച് ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ ഈ ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതാണ്. പഞ്ചായത്ത് രാജ് നിയമവും വിവരാവകാശ നിയമവും ഭരണത്തിന്റെ സുതാര്യത വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഫയലുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ അവസാനിപ്പിക്കുന്നതിന് കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതാണ്.

(3) **റാണാ പ്രതാപിന്റെ ദുരൂഹ മരണം**

ശ്രീ. കെ. രാജു: പുനലൂർ മുനിസിപ്പാലിറ്റിയിൽ കച്ചേരി വാർഡിൽ സുധീന്ദ്രപ്രസാദിന്റെ മകൻ റാണാ പ്രതാപിന്റെ മരണം സംബന്ധിച്ച അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏല്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പുനലൂർ മുനിസിപ്പാലിറ്റിയിൽ കച്ചേരി വാർഡിൽ സുധീന്ദ്രപ്രസാദിന്റെ മകൻ റാണാ പ്രതാപിന്റെ മരണം സംബന്ധിച്ച് പുനലൂർ സി.ഐ. അന്വേഷിച്ചുകൊണ്ടിരിക്കുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ട് പ്രകാരം ഫോമിക് ആസിഡ് ഉള്ളിൽച്ചെന്നതാണ് മരണകാരണമായത്. പോലീസ് അന്വേഷണത്തിൽ സഹപാഠികളിൽ ഒരാളായ ലിവിംഗ് ജോണിന്റെ മൊഴിയിൽ വൈരുദ്ധ്യം കണ്ടെത്തിയതിനെത്തുടർന്ന് പോളിഗ്രാഫ് ടെസ്റ്റിന് അപേക്ഷ കൊടുത്തിരിക്കുകയാണ്. കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയാൽ അന്വേഷണം നീണ്ടുപോകമെന്നുള്ളതിനാൽ പോളിഗ്രാഫ് ടെസ്റ്റ് കഴിഞ്ഞശേഷം ആവശ്യമെങ്കിൽ ക്രൈംബ്രാഞ്ചിന് വിടുന്നകാര്യം ആലോചിക്കുന്നതാണ്.

## (4) കാഞ്ഞങ്ങാട് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഗേൾസ് ഹൈസ്ക്കൂളിന് പുതിയ കെട്ടിടമുണ്ടാക്കുന്നതിനും ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനും എച്ച്.എം.-നെയും വാച്ച്മാനെയും നിയമിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മീനാപ്പീസ് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഗേൾസ് ഹൈസ്ക്കൂളിനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 2010-2011-ൽ പൂർത്തിയാക്കി പുതിയ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. പുതിയ കെട്ടിട

ത്തിന്റെ മുകളിലത്തെ നിലയിലാണ് ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. ഈ സ്കൂളിൽ ഇപ്പോഴുള്ള 105 കുട്ടികളുടെ ആവശ്യത്തിലേയ്ക്ക് 110 കട്ടിലുകൾ, ബെഡ്ഡുകൾ, ബെഡ്ഷീറ്റുകൾ, കൊതുകുവലകൾ എന്നിവ വാങ്ങുന്നതിനായി 7.59 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിന് കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് 1-7-2011-ൽ അനുമതി നൽകിയിട്ടുണ്ട്. ഹോസ്റ്റലും സ്കൂളും ഒരുമിച്ച് പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ട് പുതിയ കെട്ടിടം നിർമ്മിക്കണമെന്നുള്ള ആവശ്യവും ഹെഡ്മാസ്റ്ററെ നിയമിക്കുന്ന കാര്യവും ഗൗരവമായി പരിശോധിക്കുന്നതാണ്.

### (5) ശബരിമല തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യം

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്) : ശബരിമല തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യമൊരുക്കുന്നതിനായി പമ്പയാറ്റിൽ കുറുമ്പംമൂഴിയിൽ ചെക്ക്ഡാമും എരുമേലിയിൽ ടൗൺഷിപ്പ്, ബസ് സ്റ്റാന്റ്, റോഡ് എന്നിവയും നിർമ്മിക്കാനും കുടിവെള്ള പദ്ധതി നടപ്പിലാക്കാനും കണമല പാലം നിർമ്മാണം പൂർത്തീകരിക്കാനും ദേവസ്വം വകുപ്പുമന്ത്രി ചെയർമാനായ കമ്മിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : കണമലയിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കി 4.8 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മിക്കുന്നതിനാവശ്യമായ വനഭൂമി ലഭ്യമാകുന്നതിന് നൽകേണ്ട തുക അടയ്ക്കുന്നതിനും പുതുക്കിയ ഭരണാനുമതിക്കും ലാന്റ് അക്വസിഷനുമുള്ള നടപടികൾ എത്രയുംവേഗം പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. എരുമേലിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്ന

തിനും പുതിയ ചെക്ക്ഡാം പണിയുന്നതിന് പരിശോധന നടത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. എരുമേലി ടൗൺഷിപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ബസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അടുത്ത സീസണിൽ ഏർപ്പെടുത്തേണ്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ജനപ്രതിനിധികൾ, ദേവസ്വം ബോർഡ്, വിവിധ വകുപ്പദ്ധ്യക്ഷ്യൻമാർ എന്നിവരുടെ ഉന്നതതലയോഗം വിളിച്ചുകൂട്ടുന്നതാണ്.

**(6) ചെങ്ങന്നൂർ നഗരത്തിലെ മാലിന്യ സംസ്ക്കരണം**

ശ്രീ. പി.സി. വിഷ്ണുനാഥ് : ചെങ്ങന്നൂർ നഗരത്തിലെ മാലിന്യ സംസ്ക്കരണത്തിനുവേണ്ടി ഫലപ്രദമായ പദ്ധതി ആവിഷ്ക്കരിക്കാനും വലിയ പ്ലാന്റുകൾക്കുപകരം നാല് വാർഡുകൾ കേന്ദ്രീകരിച്ച് മിനി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കാനും നടപടിയുണ്ടാകണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കേരളം അഭിമുഖീകരിക്കുന്ന മാലിന്യ സംസ്ക്കരണം സംബന്ധിച്ച പ്രശ്നങ്ങൾ ഗവൺമെന്റ് സൂക്ഷ്മമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**(7) പൊന്നാനി മൈനോറിറ്റി കോച്ചിംഗ് സെന്ററിന്റേയും സിവിൽ സർവ്വീസ് അക്കാദമിയുടേയും വിപുലീകരണം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : പൊന്നാനിയിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത്, മൈനോറിറ്റി കോച്ചിംഗ് സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡി ആന്റ് റിസർച്ച് എന്നീ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ വിപുലീകരിച്ച് കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുകയും എംപ്ലോയ്മെന്റ് ആന്റ് എഡ്യുക്കേഷൻ ഗൈഡൻസ് ബ്യൂറോ,

റഫറൻസ് ലൈബ്രറി എന്നിവ ആരംഭിക്കുകയും വേണം. സിവിൽ സർവ്വീസ് അക്കാദമിയുടെ കെട്ടിടം നവീകരിച്ച് വിദ്യാർത്ഥികൾക്ക് താമസസൗകര്യവും പിന്നോക്ക, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വർക്ക് ഫീസ് ഇളവും ലഭ്യമാക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : പൊന്നാനിയിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വകുപ്പു മന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

### (8) കൊണ്ടോട്ടി മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : 1943 മുതൽ പ്രവർത്തിച്ചുവരുന്ന മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മങ്ങാട്ടുമുറി എ.എം. എൽ.പി. സ്കൂളിൽ 5 അദ്ധ്യാപകരും ഒന്നുമുതൽ നാല് വരെയുള്ള ക്ലാസ്സുക ളിലായി 106 കുട്ടികളുമാണുള്ളത്. നഷ്ടത്തിൽ പ്രവർത്തിക്കുന്നു എന്ന കാരണത്താൽ സ്കൂൾ അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് മാനേജർ നോട്ടീസ് നൽകിയെങ്കിലും മാനേജരുടെ ആവശ്യം ഡയറക്ടർ നിരസിച്ചു. എന്നാൽ മാനേജർക്ക് അനുകൂലമായി

ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ട്. വിവിധ വശങ്ങൾ പരിശോധിച്ച് റിട്ട് അപ്പീലിനുവിധേയമായി മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. അന്തിമവിധിക്ക് വിധേയമായി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## (9) തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷൻ

ശ്രീ. ജെയിംസ് മാത്യു : നിർമ്മാണം പൂർത്തീകരിച്ച തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷന്റെ അഡീഷണൽ വർക്കിന് ഭരണാനുമതി ലഭ്യമാക്കാനും കെട്ടിട നമ്പറും വൈദ്യുതി കണക്ഷനും ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : 20-01-2011 -ൽ ഉദ്ഘാടനം നടത്തിയ തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ ലഭ്യമായിട്ടില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം, മഴവെള്ള സംഭരണി, ഫയർ എൻ.ഒ.സി., ഡി.ടി.പി. അംഗീകാരം, കാർ പാർക്കിംഗ് സൗകര്യം എന്നീ അഞ്ച് കാര്യങ്ങളിൽ അപാകതയുള്ളതായി മുനിസിപ്പൽ അധികൃതർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തിനായി അപേക്ഷിക്കുകയും മഴവെള്ള സംഭരണിക്കായി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മറ്റ് അപാകതകൾക്ക് ഇളവ് നൽകാമെന്ന ധാരണയുണ്ടായിട്ടുണ്ട്. കെട്ടിട നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷനുവേണ്ടിയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാവുന്നതാണ്. സിവിൽ സ്റ്റേഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമില്ല.

## (10) <u>വന്യമൃഗങ്ങുടെ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾ</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ.എം.വി. ശ്രേയാംസ് കുമാർ എം. എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:</u> കാട്ടാനയുടേയും മറ്റും ആക്രമണംമൂലം അംഗവൈകല്യവും കൃഷിനാശവും ഉണ്ടായിട്ടുള്ള വയനാട് ജില്ലയിലെ കർഷകരുൾപ്പെടെയുള്ളവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും വനങ്ങളിൽ താമസിക്കുന്ന ആദിവാസി കളെ മാറ്റിപ്പാർപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.ബി. ഗണേഷ്കുമാർ):</u> വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശ ത്തിന് 100 ശതമാനം നഷ്ടപരിഹാരം നൽകുന്നതോടൊപ്പം മരണപ്പെടുന്ന വരുടെ ആശ്രിതർക്ക് മൂന്നുലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് ഒരുലക്ഷം രൂപ നൽകുന്നുണ്ട്. കൃഷി വകുപ്പുമായി ആലോചിച്ചാണ് കൃഷിനാശത്തിന് നഷ്ട പരിഹാരത്തുക നൽകുന്നത്. അത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. വനത്തിൽ താമസിക്കുന്ന ആദിവാസികളെ പുറത്തുകൊണ്ടുവന്ന് താമസിപ്പിക്കാനായി 80 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അഞ്ച് കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസിമേഖലയിലെ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് ആദിവാസികളെ പുറത്തുകൊണ്ടുവന്നുതാമസിപ്പിച്ചാൽ തുടർന്നുള്ള ഫണ്ട് ലഭ്യമാകുന്നതാണ്.

### (11) നാഷണൽ ഹൈവേയിലും എം.സി. റോഡിലുമുണ്ടാകുന്ന അപകടങ്ങൾ

ശ്രീ. ബി. സത്യൻ: കല്ലമ്പലം മുതൽ ആറ്റിങ്ങൽ ടൗൺ വരെയുള്ള നാഷണൽ ഹൈവേയിലും എം.സി. റോഡിലും ഉണ്ടാകുന്ന അപകടങ്ങളും അപകട മരണങ്ങളും കുറയ്ക്കുന്നതിന് രാത്രികാല പോലീസ് പട്രോളിംഗ് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ദേശീയ പാത - 47-ൽ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം നാലുവരിപ്പാത യാക്കി വികസിപ്പിക്കുന്നതാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ല കളിൽ ഐ.ആർ.സി. മാനദണ്ഡങ്ങൾ അനുസരിച്ചുള്ള റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. അപകട സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനും ട്രാഫിക് പോലീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. എം.സി. റോഡിൽ വെഞ്ഞാറമൂട് മുതൽ ചെങ്ങന്നൂർ വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ച് റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പോലീസ് സംവിധാനം മെച്ചപ്പെടുത്തുന്നതോടൊപ്പം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

**ക്രമപ്രശ്നം**

ചോദ്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധികളുടെ സംരക്ഷണം സംബന്ധിച്ച് ചട്ടം 27 അനുസരിച്ച് 08-07-2011-ന് നൽകിയ ചോദ്യം 19-ാം തീയതി മറുപടി പറയുവാനുള്ള നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങ ളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നതാണ്. അതിനുശേഷം പൊതുപ്രാധാന്യ

മുള്ള വിഷയമെന്ന നിലയിൽ പ്രസ്തുത വിഷയത്തിൽ ഒരു ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചുവെങ്കിലും ആ ചോദ്യത്തോടൊപ്പം എന്റെ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിനോ എനിക്ക് ഒരു സപ്ലിമെന്ററി ചോദ്യമെങ്കിലും ചോദിക്കുന്നതിന് അവസരം നൽകുന്നതിനോ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ എന്റെ ചോദ്യത്തെ ബൈപ്പാസ് ചെയ്യാൻ ശ്രമിച്ചു എന്ന ഒരു തെറ്റിദ്ധാരണ ഒഴിവാക്കുന്നതിനാണ് ഈ വിഷയം ക്രമപ്രശ്നമായി ഉന്നയിക്കുന്നത്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഈ വിഷയത്തിൽ ഒരു തെറ്റിദ്ധാരണയുടെയും കാര്യമില്ല. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വത്ത് സംരക്ഷണം സംബന്ധിച്ച് അടിയന്തിര ചോദ്യത്തിന് നോട്ടീസ് ലഭിച്ചത് 8-7-2011-ന് ശേഷമായതിനാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടിയാണ് പ്രസ്തുത ചോദ്യം 12-ാം തീയതിയിലേയ്ക്ക് അനുവദിച്ചത് എന്നതിനാലും ഇതിൽ ചട്ടവിരുദ്ധമായി ഒന്നുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകേണ്ട 19-ാം തീയതിയിലേയ്ക്ക് ഏതെങ്കിലും അംഗം ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ അവരുടെ അവകാശം ഹനിക്കുന്നതല്ല. ചോദ്യങ്ങൾ അനുവദിക്കുന്നതും അനുവദിക്കാതിരിക്കുന്നതും ഭാഗികമായി അനുവദിക്കുന്നതും പൂർണ്ണമായും ചെയറിന്റെ അധികാരപരിധിയിൽ വരുന്ന കാര്യമായതിനാൽ അതിനെ ചോദ്യം ചെയ്യുന്നത് ആശാസ്യമല്ല.

**ധനകാര്യം**

## 2011-2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: ബഡ്ജറ്റിനെ പിന്താങ്ങുന്നു. യു.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച വിഴിഞ്ഞം ഹാർബർ, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ തുടങ്ങി പല പദ്ധതികളും കഴിഞ്ഞ അഞ്ചുവർഷത്തെ ഇടതു മുന്നണി ഭരണത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. നൂറ് ദിന കർമ്മപരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള സർക്കാരിന്റെ തീരുമാനം ജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റാൻ സഹായകരമായിട്ടുണ്ട്. സംസ്ഥാന മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം സുതാര്യമാക്കുകവഴി കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിരിക്കുകയാണ്. മുൻ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുക്കടം 45,929 കോടി രൂപയായിരുന്നത് ഈ ഗവൺമെന്റ് അധികാരമേറ്റെടുക്കുമ്പോൾ 78,317 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. കുടിശ്ശിക ബില്ലുകൾ കൂടി കൊടുത്തു കഴിയുമ്പോൾ കടം 88,887 കോടി രൂപയായി വർദ്ധിക്കും. യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ റവന്യൂ കമ്മി കുറയുകയും എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ റവന്യൂ കമ്മി കൂടുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംസ്ഥാനത്തിന് ദോഷം ചെയ്യും. കേരളത്തിൽ ധനകാര്യ മിസ്മാനേജ്മെന്റ് നടക്കുന്നുവെന്ന് പതിമൂന്നാം ധനകാര്യ കമ്മീഷൻ വിമർശിച്ചിട്ടുപോലും ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല. ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് 2005-06-ൽ 16.25 ശതമാനമായിരുന്നത് ഇപ്പോൾ 11 ശതമാനമായി കുറയുകയും കടത്തിന്റെ വളർച്ചാ നിരക്ക് 9.67 ശതമാനത്തിൽ നിന്നും 12.17 ശതമാനമായി വർദ്ധിക്കുകയുമാണുണ്ടായത്. 2009-10-ലെ പ്ലാൻ

എക്സ്പെന്റിച്ചർ 77.29 ശതമാനം മാത്രമാണ്. ആളോഹരി കടം ദേശീയ തലത്തിൽ 10,000 രൂപയിൽ നിൽക്കുമ്പോൾ സംസ്ഥാനത്ത് 20,000 രൂപയ്ക്ക് മുകളിലാണ്. തൊഴിലില്ലാത്തവരുടെ എണ്ണം 2005-06-ൽ 38.57 ലക്ഷം ആയിരുന്നത് ഇപ്പോൾ 44 ലക്ഷമായി വർദ്ധിച്ചിരുക്കുന്നു. കടം വാങ്ങി പലിശ മാത്രം തിരിച്ചടയ്ക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറി. കേന്ദ്ര ഗവൺമെന്റ് അനുവദിച്ചതിൽ 250 കോടി രൂപ കഴിഞ്ഞ ഗവൺമെന്റ് ലാപ്സാക്കുകയും കേന്ദ്ര ഫണ്ട് സമയത്തിന് ചെലവഴിക്കാത്തതുമൂലം 416.17 കോടി രൂപ നഷ്ടപ്പെടുത്തുകയും ചെയ്തു. ആഡംബര കാറുകൾക്കും വലിയ കെട്ടിടങ്ങൾക്കും വിദേശ മദ്യത്തിനും സെസ്സ് ഏർപ്പെടുത്താനുള്ള പ്രഖ്യാപനം സ്വാഗതം ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റ് ഡീസലിന്റേയും പെട്രോളിന്റേയും വില വർദ്ധിപ്പിച്ചപ്പോൾ 250 കോടി രൂപയുടെ നഷ്ടം സഹിച്ച് അധിക നികുതി വേണ്ടെന്ന് വയ്ക്കുകയാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തില്ലാതിരുന്നുവെങ്കിൽ പാവപ്പെട്ടവരുടെ ജീവിതം ദുസ്സഹമാകുമായിരുന്നു. ഒരുരൂപയ്ക്ക് ഒരു കിലോ അരി കൊടുക്കാനെടുത്ത തീരുമാനം സ്വാഗതാർഹമാണ്. ചെറുകിട കർഷകർക്ക് 300 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ അനുവദിച്ചതും 52 ലക്ഷത്തോളം ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ചികിൽസാ ഇൻഷ്വറൻസ് ഏർപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. കുടുംബാംഗങ്ങൾ തമ്മിൽ നടത്തുന്ന വസ്തു കൈമാറ്റത്തിന് ആയിരം രൂപയുടെ സ്റ്റാമ്പ് ഡ്യൂട്ടി നൽകിയാൽ മതി എന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾക്കായി ഈ വർഷം 4 മെഡിക്കൽ കോളേജുകൾ അനുവദിച്ചത് ശ്ലാഘനീയമാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 150 കോടി രൂപ

അനുവദിച്ചതിനെ സ്വാഗതം ചെയ്യുന്നു. തലസ്ഥാനനഗര വികസനത്തിന് കുടുതൽ തുക അനുവദിക്കണം. കരമന-കളിയിക്കാവിള ദേശീയപാത നാലുവരിപ്പാതയാക്കാൻ ആവശ്യമായ തുക വകയിരുത്തണം. നാടാർ-മുസ്ലീം സമുദായങ്ങളിലെ പെൺകുട്ടികളുടെ സ്റ്റൈപ്പന്റ് ആയിരം രൂപയായി വർദ്ധിപ്പിക്കണം. കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് പോളിടെക്നിക് അനുവദിക്കണം. വിളപ്പിൽശാല ചവർസംസ്ക്കരണ ഫാക്ടറി അടച്ചുപൂട്ടി ബദൽ സംവിധാനം ഏർപ്പെടുത്തുകയും ദുരിത ബാധിതർക്ക് നഷ്ടപരിഹാരം നൽകുകയും വേണം. നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിലെ മലയോര പ്രദേശങ്ങൾ ഉൾപ്പെടുത്തി കാട്ടാക്കട താലൂക്ക് അനുവദിക്കണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. സർക്കാരിന്റെ നയവൈകല്യമാണ് ബഡ്ജറ്റിലുടനീളം വ്യക്തമാകുന്നത്. വസ്തുതകളെ ദുർവ്യാഖ്യാനം ചെയ്ത് സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് വരുത്തിത്തീർക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. ഇടക്കാല നയതന്ത്ര രേഖയാണോ ബഡ്ജറ്റാണോ ശരിയായിട്ടുള്ളതെന്ന് വ്യക്തമാക്കണം. എൽ.ഡി.എഫ്. സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള പല സ്കീമുകളും ഇപ്പോൾ നിറുത്തലാക്കിയിരിക്കുകയാണ്. സാമ്പത്തികസ്ഥിതിയെക്കുറിച്ച് വ്യക്തമായി പഠിച്ചിരുന്നെങ്കിൽ പണമില്ലെന്നുള്ള കാരണത്താൽ ക്ഷേമപ്രവർത്തനങ്ങൾ വേണ്ടെന്ന് വയ്ക്കുമായിരുന്നില്ല. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ശമ്പള പരിഷ്ക്കരണത്തിന് 5,000 കോടി രൂപ കൂടുതലായി വകയിരുത്തിയിരുന്നു. റവന്യൂ വരുമാനം പെരുപ്പിച്ച് കമ്മി

കുറച്ചുകാണിച്ച് ബഡ്ജറ്റിന് പുതിയൊരു ദിശാബോധം നൽകാനാണ് സർക്കാർ ശ്രമിച്ചിരിക്കുന്നത്. പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരം കയർ തൊഴിലാളികൾക്ക് നൽകിയിരുന്ന 3,600 രൂപ 800 രൂപയാക്കി വെട്ടിക്കുറച്ചത് ശരിയായില്ല. ക്ഷേമപദ്ധതികൾ നിറുത്തലാക്കുന്നത് പ്രാദേശിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനിടയാക്കും. ബഡ്ജറ്റ് അവഗണനയെന്ന ജനപ്രതിനിധികളുടെ പരാതി ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടി 5,000 കോടി രൂപ പ്രഖ്യാപിച്ചിരുന്നത് ഇപ്പോൾ 350 കോടി രൂപയായി കുറച്ചിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ പ്രഖ്യാപിച്ച പദ്ധതികളെല്ലാം നിറുത്തലാക്കിയിരിക്കുകയാണ്. റോഡ് ഫണ്ട് ബോർഡ് നിയമം പാലിക്കാത്തതുമൂലം പദ്ധതി പ്രവർത്തനങ്ങൾ പ്രതിസന്ധി നേരിടുകയാണ്. കഴിഞ്ഞ സർക്കാരിന്റെ ബഡ്ജറ്റിൽ എല്ലാ നിയോജകമണ്ഡലങ്ങൾക്കും അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ടെന്നുള്ളത് വിസ്മരിക്കാൻ പാടില്ല. നിലവിലുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് സ്കീമിന് സമാന്തരമായി മറ്റൊരു സ്കീം കൊണ്ടുവന്നാൽ അതിന്റെ ഗുണം ജനങ്ങൾക്ക് കിട്ടാൻ പോകുന്നില്ല. സാഫല്യം ഭവന പദ്ധതിക്ക് വകയിരുത്തിയിരിക്കുന്ന തുക വർദ്ധിപ്പിക്കുകയും വായ്പ കൊടുക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കുകയും വേണം. കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ച പ്രവൃത്തികൾ നിറുത്തിവയ്ക്കുന്നത് ശരിയായ നടപടിയല്ല.

<u>ശ്രീ. വി. ഡി. സതീശൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. യാഥാർത്ഥ്യ ബോധത്തിൽ അധിഷ്ഠിതമായതും സമ്പത് വ്യവസ്ഥ ശക്തിപ്പെടുത്താനുള്ള

നടപടികൾ ഉൾക്കൊള്ളുന്നതുമായ ഒരു ബഡ്ജറ്റാണിത്. കേരളം ഒരു വെൽഫെയർ സ്റ്റേറ്റാണെന്നുള്ള സങ്കല്പം നിലനിറുത്തിക്കൊണ്ട് നൂതന സാമൂഹ്യക്ഷേമ പദ്ധതികളും കാർഷിക-വ്യാവസായിക വികസന പദ്ധതികളും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പതിനായിരം കോടിയിലധികം രൂപയുടെ സാമ്പത്തിക ബാധ്യതയാണ് കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ളത്. പെൻഷൻ തീയതി ഏകീകരിച്ചതുവഴി 2010-11-ൽ പെൻഷനായ ജീവനക്കാർക്ക് അതാത് മാസങ്ങളിൽ കൊടുക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ കഴിഞ്ഞ ഗവൺമെന്റ് ചെലവാക്കി. ഭരണാനുമതി കൊടുത്ത മാന്ദ്യ വിരുദ്ധ പാക്കേജിന്റെയും തൃശ്ശൂർ മുതൽ കാസർഗോഡ് വരെ 178 പ്ലസ് ടു സ്കൂളുകൾ അനുവദിച്ചതിന്റെയും ബാധ്യത ഈ ഗവണ്മെന്റിന് ഏറ്റെടുക്കേണ്ടി വന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു എന്നുള്ള വാദം വസ്തുതാവിരുദ്ധമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റവന്യൂ കമ്മി വർദ്ധിക്കുകയും കടമെടുത്ത പണം കടവും പലിശയും തീർക്കാൻവേണ്ടി ഉപയോഗിക്കുകയുമാണ് ചെയ്തത്. ധനക്കമ്മി സംസ്ഥാനത്തെ കടക്കെണിയിലേയ്ക്ക് നയിച്ചു. കഴിഞ്ഞ കാലത്തെ പലിശ ഉൾപ്പെടെ കടം കൊടുത്തുതീർക്കാനുള്ള ബാദ്ധ്യത ഈ സർക്കാരിനെന്നാണ് ഇന്നത്തെ സാമ്പത്തികനില വ്യക്തമാക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ എല്ലാ ബഡ്ജറ്റിലും കേന്ദ്ര വിരുദ്ധ പ്രഭാഷണമാണ് നടത്തിയത്. ‘രാജീവ് ആരോഗ്യശ്രീ’, ‘കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ’ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനും നാല് മെഡിക്കൽ കോളേജുകൾ അനുവദിക്കാനുമുള്ള തീരുമാനങ്ങൾ ശ്ലാഘനീയമാണ്. വിദ്യാധനം വായ്പാ പദ്ധതി, ചെറുകിട കർഷകർക്കുള്ള പെൻഷൻ പദ്ധതി, പാലിയേറ്റീവ് കെയറിനുവേണ്ടി പ്രത്യേക

ഭാഗ്യക്കുറി നറുക്കെടുപ്പ്, മാലിന്യമുക്ത കേരളം, എമർജിംഗ് കേരള പദ്ധതി തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കാൻ കഴിയണം. വനം-പരിസ്ഥിതി നിയമത്തിൽനിന്ന് കൃഷിഭൂമിയെ ഒഴിവാക്കുന്നത് സംബന്ധിച്ച് 2005-ലെ നിയമം നടപ്പിലാക്കണം. ജന്മിമാരാൽ കബളിപ്പിക്കപ്പെട്ട് മിച്ചഭൂമി വിലയ്ക്കു വാങ്ങിയ കർഷകർക്ക് സ്ഥിരാവകാശം നൽകുന്നതിന് നിയമനിർമ്മാണം കൊണ്ടുവരണം. ഭൂപരിഷ്ക്കരണ നിയമം ദുരുപയോഗം ചെയ്യുന്നത് തടയണം. തീരദേശ-മത്സ്യമേഖലകൾക്കും കൈത്തറി മേഖലയ്ക്കും ബഡ്ജറ്റിൽ തുക വർദ്ധിപ്പിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. സംസ്ഥാന സമ്പദ്വ്യവസ്ഥയെയും വിഭവ സമാഹരണത്തെയും ശക്തിപ്പെടുത്താൻ സഹായിക്കുന്ന ഒരു ബഡ്ജറ്റാണിത്. 50,000 കോടി രൂപയുടെ നികുതി വരുമാനമുണ്ടാക്കാനുള്ള ടാർജറ്റുമായി സർക്കാർ മുന്നോട്ടുപോകണം.

ശ്രീ. പി. തിലോത്തമൻ: ബഡ്ജറ്റിനെ എതിർക്കുന്നു. പ്രാദേശിക അസന്തുലിതാവസ്ഥ പ്രതിഫലിക്കുന്ന ബഡ്ജറ്റാണ് സഭയിൽ അവതരിപ്പിച്ചി ട്ടുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഓവർഡ്രാഫ്റ്റ് എടുക്കാതെ യാണ് ഭരണം നടത്തിയതെന്ന് ഭരണ-പ്രതിപക്ഷഭേദമെന്യേ സമ്മതിച്ചിട്ടുള്ള താണ്. അമ്പത് ലക്ഷത്തോളം ആളുകൾ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായ മേഖലയെ വിസ്മരിച്ച ബഡ്ജറ്റാണിത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പരമ്പരാഗത മേഖലയെ പുന:സംഘടിപ്പിക്കുന്ന തിനുവേണ്ടി 300 കോടി രൂപയാണ് മാറ്റിവച്ചിരുന്നത്. വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തിക്കൊണ്ട് കയർ മേഖലയെ ശക്തിപ്പെടുത്തിയിരുന്ന സ്ഥാനത്ത് കയറ്റുമതിക്കാർക്ക് സൗകര്യം ചെയ്തുകൊടുക്കുന്ന നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. താനൂർ മത്സ്യബന്ധന തുറമുഖത്തെക്കുറിച്ച്

മാത്രം പറഞ്ഞുകൊണ്ട് മത്സ്യബന്ധന മേഖലയെ പാടെ അവഗണിച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കേർപ്പെടുത്തിയിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. മത്സ്യബന്ധന ബോട്ടുകളുടെ മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കുന്ന സമീപനം ശരിയല്ല. സംസ്ഥാനത്ത് ജനിക്കുന്ന ഓരോ കുഞ്ഞിന്റെയും പേരിൽ 10,000 രൂപയുടെ സ്ഥിര നിക്ഷേപം നടത്തുമെന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപനത്തെക്കുറിച്ച് ഈ സർക്കാർ മൗനം പാലിച്ചിരിക്കുകയാണ്. ക്ഷേമപ്രവർത്തനങ്ങളെ അവഗണിക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ കടിഞ്ഞാണിടുന്നതിനും ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആലപ്പുഴ ജില്ലയുടെ വികസനത്തിന് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന പുതിയ പദ്ധതികൾ ഈ ഗവൺമെന്റ് നിരാകരിക്കുകയാണുണ്ടായത്. പൊതുമേഖലയെ ദുർബലമാക്കാനും സ്വകാര്യമേഖലയെ ശക്തിപ്പെടുത്തുന്നതിനുമുള്ള സമീപനമാണ് ബഡ്ജറ്റിൽ കാണാൻ കഴിയുന്നത്.

<u>ശ്രീ. എം. ഉമ്മർ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിനെതിരെ ആലപ്പുഴ ജില്ലയിൽ നടത്തുന്ന സമരം തികച്ചും പരിഹാസ്യമാണ്. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുവാനായി സർക്കാർ മേഖലയിൽ പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലുൾപ്പെടെ നാല് മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കേന്ദ്ര സർക്കാരിന്റെ എൻ.ആർ.എച്ച്.എം. പദ്ധതി കഴിഞ്ഞ സർക്കാർ പ്രയോജനപ്പെടുത്തിയില്ല. സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനും ആവശ്യമുള്ള ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിനും നടപടികൾ

സ്വീകരിക്കണം. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഡയാലിസിസ് കേന്ദ്രം ആരംഭിക്കാനും ആഴ്ചയിൽ ഏഴ് ദിവസവും ലോട്ടറി നറുക്കെടുപ്പ് നടത്തി അതിൽ നിന്നുള്ള വരുമാനം ചികിത്സയ്ക്കുവേണ്ടി പ്രയോജന പ്പെടുത്താനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. വയനാട് ജില്ലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രി തുടങ്ങുമെന്ന പ്രഖ്യാപനവും മലപ്പുറം ജില്ലയ്ക്ക് പരിഗണന നൽകിയതും സ്വാഗതാർഹ മാണ്. ഒരു രൂപയ്ക്ക് അരി നൽകുന്നതിനും മലയാള സർവ്വകലാശാല അനുവദിക്കുന്നതിനും മുന്നോട്ടുവന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. സി.കെ. നാണു:</u> ബഡ്ജറ്റിനെ എതിർക്കുന്നു. കാർഷിക മേഖല യിൽ നടപ്പിലാക്കുന്ന ഉത്തേജന പലിശ ഇളവ് പദ്ധതിയോട് യോജിക്കാൻ സാധ്യമല്ല. കാർഷിക മേഖലയിൽ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച നിലപാടുകളുടെ ഫലമായി കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കാനും കർഷക ആത്മഹത്യ കുറയ്ക്കാനും സാധിച്ചു. 4 ശതമാനം പലിശ നിരക്കിൽ കൃഷിക്കാർക്ക് വായ്പ നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ സന്നദ്ധമാകണം. മലബാർ മേഖലയുടെ വികസനത്തിന് അർഹമായ പരിഗണന നൽകണം. ഫിഷറീസ് റോഡുകളുടെ സംരക്ഷണം ഉൾപ്പെടെ മത്സ്യമേഖലയുടെ വികസനത്തിന് ആവശ്യമായ നടപടി സ്വീകരി ക്കണം. പകർച്ചപ്പനി ബാധിത മേഖലകളിൽ കൂടുതൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഉറപ്പാക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ശമ്പളവർദ്ധന നടപ്പിലാക്കണം. ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ബഡ്ജറ്റിനെ എതിർക്കുന്നു. എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ കാസർഗോഡ് ജില്ലയ്ക്കായി പ്രഖ്യാപിച്ച വിവിധ പദ്ധതികൾ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എൻഡോസൾഫാൻ ബാധിതരായ കുട്ടികൾക്കുള്ള ധനസഹായം, മഞ്ചേശ്വരം ഹാർബർ നിർമ്മാണം തുടങ്ങിയവയും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്ത് പ്രവർത്തനമാരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള നാല് മെഡിക്കൽ കോളേജുകൾക്കുവേണ്ടി അഞ്ച് കോടി രൂപ നീക്കിവച്ചിരിക്കുന്നത് അപര്യാപ്തമാണ്. കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ് കാസർഗോഡ് ജില്ലയിൽ അനുവദിക്കണം. സംസ്ഥാനത്ത് ജനിക്കുന്ന ഓരോ കുട്ടിയുടേയും പേരിൽ പതിനായിരം രൂപ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുമെന്ന കഴിഞ്ഞ ഗവൺമെന്റിന്റെ പ്രഖ്യാപനത്തിന്മേലുള്ള സമീപനം വ്യക്തമാക്കണം.

ശ്രീ. സി.എഫ്. തോമസ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വ്യക്തമായ വീക്ഷണത്തോടുകൂടി എല്ലാ ജില്ലകളേയും പരിഗണിച്ചുകൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഒരു രൂപയ്ക്ക് ഒരു കിലോഗ്രാം അരി കൊടുക്കാൻ ആവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. പാവപ്പെട്ടവന് രണ്ട് ലക്ഷം രൂപ വരെ ചികിത്സാ ആനുകൂല്യം ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. കാർഷിക മേഖലയ്ക്കുവേണ്ടി 20 പരിപാടികളാണ് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. വൻകിട വ്യവസായം വരണമെന്നുദ്ദേശിച്ചുകൊണ്ട് 'എമർജിംഗ് കേരള' കൊണ്ടുവരാൻ പോവുകയാണ്. പതിനായിരം ചെറിയ വ്യവസായ യൂണിറ്റുകൾക്കുവേണ്ടി 500 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര വികസനം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി

കാർഷിക, വ്യാവസായിക മേഖലകൾക്ക് ഊന്നൽ നൽകുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. പാവപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി മെച്ചപ്പെട്ട ഒരു പദ്ധതിയാണ് ബഡ്ജറ്റിലൂടെ കൊണ്ടുവന്നിട്ടുള്ളത്. പിന്നോക്ക ജില്ലകൾക്കായി നാല് പുതിയ മെഡിക്കൽ കോളേജുകൾ അനുവദിച്ചത് പ്രശംസനീയമാണ്. 52 ലക്ഷം ബി.പി.എൽ./എ.പി.എൽ. കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള രാജീവ് ആരോഗ്യശ്രീ ഇൻഷ്വറൻസ് പദ്ധതി, ജില്ലകൾ തോറും ഡയാലിസിസ് സെന്ററുകൾ എന്നിവ പിന്നോക്കം നിൽക്കുന്ന ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ളവയാണ്. യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാനും അടിസ്ഥാന മേഖലയുടെ മുന്നേറ്റം ഉറപ്പുവരുത്തുന്നതിനും ഉപകരിക്കുന്ന ഒരു ബഡ്ജറ്റാണിത്.

ശ്രീ. ബി. സത്യൻ: ബഡ്ജറ്റിനെ എതിർക്കുന്നു. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി നീക്കിവയ്ക്കപ്പെട്ടിട്ടുള്ള വിവിധങ്ങളായ പദ്ധതികൾ പൂർണ്ണമായും ഈ ബഡ്ജറ്റിൽ തമസ്ക്കരിച്ചിരിക്കയാണ്. സാമ്പത്തിക ദുരിതങ്ങളിൽപ്പെട്ട് കാരുണ്യമർഹിക്കുന്ന ദളിത് ക്രൈസ്തവരെയും സംവരണ മണ്ഡലങ്ങളിൽപ്പെട്ട വിവിധ വികസന പദ്ധതികളെയും പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. രാജാ രവിവർമ്മയുടെ പേരിൽ കിളിമാനൂരിൽ ഒരു സാംസ്ക്കാരിക സമുച്ചയം, ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, അവിവാഹിതരായ അമ്മമാർക്കുള്ള പുനരധിവാസ പദ്ധതി, വിവാഹമോചിതരായ സ്ത്രീകൾക്കും വനിതാവികസനത്തിനും പ്രവാസി ക്ഷേമത്തിനുമുള്ള പദ്ധതികൾ, മാനസിക വൈകല്യമുള്ള കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള സ്ക്കൂൾ തുടങ്ങി കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതികളൊന്നുംതന്നെ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ബൃഹത്തായ പദ്ധതി

കളുടെ പ്രഖ്യാപനങ്ങൾ വരുമ്പോൾ ഏറ്റവും പാവപ്പെട്ട ആളുകളുടെ ദുരിത പൂർണ്ണമായ ജീവിതം കാണാതിരിക്കുന്നത് ഉചിതമല്ല.

ശ്രീ. എ.എ. അസീസ്: ബഡ്ജറ്റിനെ എതിർക്കുന്നു. പരമ്പരാഗത വ്യവസായങ്ങളെ അവഗണിച്ചുകൊണ്ടും കൊല്ലം ജില്ലയെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുമുള്ള ഒരു ബഡ്ജറ്റാണിത്. സ്വകാര്യ കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽ നിന്നും ഒഴിവാക്കുമെന്ന് പറഞ്ഞതിൽ ദുരുദ്ദേശമുണ്ട്. മയ്യനാടുള്ള സി.കേശവൻ സ്മാരകത്തിന്റെ നവീകരണത്തി നായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിരുന്ന 10 ലക്ഷം രൂപ അനുവദിക്കണം. ന്യൂനപക്ഷ സമുദായങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്ന തിന് സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണം.

ശ്രീ. പുരുഷൻ കടലുണ്ടി: ബഡ്ജറ്റിനെ എതിർക്കുന്നു. ഗ്രാമീണ ജനതയെയും പട്ടികജാതി - പട്ടിക വർഗ്ഗത്തെയും ബഡ്ജറ്റിലൂടെ വഞ്ചിച്ചിരി ക്കുകയാണ്. കഴിഞ്ഞ സർക്കാർ സാമൂഹ്യനീതിയും സമഗ്ര വികസനവും ലക്ഷ്യമാക്കി സാമ്പത്തിക വളർച്ചയ്ക്കുതകുന്ന കാര്യങ്ങൾ നടപ്പിലാക്കിയ തിന്റെ ഫലമായി ദുർബല ജനവിഭാഗങ്ങൾക്കും യുവാക്കൾക്കും സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും സാംസ്ക്കാരിക പ്രവർത്തകർക്കും സഹായമെത്തിക്കാൻ സാധിച്ചിരുന്നു. അത്തരം കാര്യങ്ങൾക്ക് പുതുക്കിയ ബഡ്ജറ്റിൽ യാതൊന്നും വകയിരുത്തിയിട്ടില്ല. 41500 കുടുംബങ്ങളുടെ 1996 മുതലുള്ള ഭവന വായ്പയും പട്ടികജാതി - പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളുടെ 25,000 രൂപവരെയുള്ള കടവും എൽ.ഡി.എഫ്. സർക്കാർ എഴുതിത്തള്ളിയത് ആശ്വാസജനകമായിരുന്നു. ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകി അവാർഡ്

തുക വർദ്ധിപ്പിക്കുക തുടങ്ങി മുൻസർക്കാരിന്റെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾക്കാവശ്യമായ തുക വകയിരുത്താൻ നടപടി സ്വീകരിക്കണം. 150 കോടി രൂപയുടെ കോഴിക്കോട് പാക്കേജ് ഒഴിവാക്കിയത് പുനഃപരിശോധിക്കണം. ബാലുശ്ശേരി മണ്ഡലത്തിലെ അഞ്ച് പ്രധാന റോഡുകൾ ബഡ്ജറ്റിലുൾപ്പെടുത്തുകയും ഗ്രീൻബെൽറ്റ് പുനഃസ്ഥാപിക്കുകയും ചെയ്യണം.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഒട്ടേറെ നൂതന നിർദ്ദേശങ്ങളടങ്ങിയതും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം ഉണ്ടാക്കുന്നതുമായ ഒരു ബഡ്ജറ്റാണിത്. അധികാര വികേന്ദ്രീകരണമാണ് ഈ ബഡ്ജറ്റിന്റെ മുഖമുദ്ര. സ്വയം സംരംഭക മിഷനിലൂടെ ഒരു ലക്ഷത്തോളം പേർക്ക് തൊഴിൽ ലഭ്യമാക്കാനും പതിനായിരത്തോളം മൈക്രോ സംരംഭങ്ങൾക്ക് അവസരമൊരുക്കാനും ഉതകുന്ന വിധത്തിൽ സാമ്പത്തിക ശാസ്ത്രത്തിലധിഷ്ഠിതമായ ബഡ്ജറ്റാണിത്. ജൈവകൃഷി പ്രോൽസാഹിപ്പിക്കൽ, കാവും കുളവും സംരക്ഷിക്കൽ തുടങ്ങിയ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. മദ്യം, പാൻപരാഗ്, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം നിരുത്സാഹപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ഒരു സർക്കാരിന് എങ്ങനെ പ്രവർത്തിക്കാൻ സാധിക്കുമെന്നതിന് ഉത്തമോദാഹരണമാണ് ഈ ബഡ്ജറ്റ്. കേരളത്തെ കടക്കെണിയിൽ നിന്ന് രക്ഷിക്കാനുതകുന്ന പുരോഗമനോന്മുഖമായ ഒട്ടനവധി നിർദ്ദേശങ്ങളടങ്ങിയ ബഡ്ജറ്റാണിത്. മുൻ സർക്കാർ വരുത്തിവച്ച ഭീമമായ കടബാധ്യത ഈ സർക്കാരിൽ നിക്ഷിപ്തമായിരിക്കുകയാണ്. പുതിയൊരു ദിശാബോധം നൽകുന്ന ബഡ്ജറ്റാണിത്.

<u>ശ്രീ. റ്റി.വി. രാജേഷ്</u> : ബഡ്ജറ്റിനെ എതിർക്കുന്നു. ദീർഘവീക്ഷണ മില്ലാത്ത ബഡ്ജറ്റാണിത്. ബഡ്ജറ്റിൽ ചില ജില്ലകളെ പൂർണ്ണമായും അവഗണിച്ചിരിക്കുന്നത് പ്രതിഷേധാർഹമാണ്. അത് തിരുത്താൻ തയ്യാറാകണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ മണ്ഡലങ്ങളെയും ഒരുപോലെ പരിഗണിച്ചുകൊണ്ട് പിന്നോക്കം നിന്നിരുന്ന പ്രദേശങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിന് ക്രിയാത്മകമായ നിരവധി പദ്ധതികൾ നടപ്പിലാക്കിയിരുന്നു. മത്സ്യ ഗ്രാമങ്ങളെക്കുറിച്ച് ഈ ബഡ്ജറ്റിൽ പരാമർശിക്കാത്തതിന്റെ കാരണം വ്യക്തമാക്കണം. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ എൽ.ഡി.എഫ്. സർക്കാർ പരാജയപ്പെട്ടുവെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. ദേശീയ സാമ്പിൾ സർവ്വേയുടെ പഠന റിപ്പോർട്ട് കേരളത്തിലെ തൊഴിലി ല്ലായ്മ നിരക്ക് കുറഞ്ഞുവെന്നാണ് വ്യക്തമാക്കുന്നത്. ''കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ'' കേരളത്തിലെ അഭ്യസ്തവിദ്യരുടെ കണ്ണിൽ പൊടിയിടാനുള്ള തന്ത്രം മാത്രമാണ്. കെ.എഫ്.സി. നൽകുമെന്ന് പ്രഖ്യാപിച്ച 90 ശതമാനം വായ്പയ്ക്ക് കൊളാറ്ററൽ സെക്യൂരിറ്റി നൽകേണ്ടി വരുമോ എന്നത് വ്യക്തമാക്കണം. പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച ഗവൺമെന്റ് സമീപനം വ്യക്തമാക്കണം. കുഞ്ഞുങ്ങൾക്കുള്ള 10,000 രൂപയുടെ നിക്ഷേപ പദ്ധതി ഉപേക്ഷിക്കാനുള്ള കാരണം വ്യക്തമാക്കണം. പുതിയ നാല് മെഡിക്കൽ കോളേജുകൾക്കായി കൂടുതൽ തുക വകയിരുത്തണം. കേരളത്തിലെ എയ്ഡഡ് കോളേജുകളിൽപുതിയ കോഴ്സുകൾ ആരംഭിക്കുന്നതുസംബന്ധിച്ച് ബഡ്ജറ്റിൽ പരാമർശിക്കാത്തത് ഖേദകരമാണ്. പുതിയങ്ങാടി ഹാർബറിനാവശ്യമായ തുക വകയിരുത്താനും മാടായിപ്പാറയെ പൈതൃക തീർത്ഥാടന ടൂറിസം പദ്ധതി

യിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. ഭൂപരിഷ്ക്കരണ നിയമം അട്ടിമറിക്കാനുള്ള ശ്രമത്തിൽനിന്നും ഈ സർക്കാർ പിൻമാറണം. പരമ്പരാഗത വ്യവസായങ്ങളെ ബഡ്ജറ്റിൽ അവഗണിച്ച നടപടി ശരിയല്ല. കൈത്തറിത്തൊഴിലാളികൾക്കായുള്ള ഇൻകം സപ്പോർട്ട് സ്കീം ഉപേക്ഷിച്ചതിനുള്ള കാരണം വ്യക്തമാക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനത്തെ പിന്നോട്ടുനയിക്കുന്ന ബഡ്ജറ്റാണിത്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ പ്രാദേശിക സന്തുലിതാവസ്ഥ ഇല്ലാതാക്കുന്നതാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിവിധ ജില്ലകൾക്കായി പ്രത്യേക പാക്കേജുകളും സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന പദ്ധതികളും പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ സർക്കാർ 3,092 കോടി രൂപയുടെ പദ്ധതി തീരദേശ മേഖലകളിൽ നടപ്പിലാക്കുകയും 380 കോടി രൂപയുടെ കടം എഴുതിത്തള്ളുകയും വിദ്യാഭ്യാസച്ചെലവ് ഏറ്റെടുക്കുകയും ചെയ്തു. പ്രവാസികൾക്കുവേണ്ടി യാതൊരു പദ്ധതിയും ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് പ്രവാസികളുടെ ക്ഷേമപദ്ധതിക്കായി 9 കോടി രൂപയും നോർക്ക വെൽഫെയർ ഫണ്ടിൽ 10 കോടി രൂപയും അനുവദിക്കുകയുണ്ടായി. നിലവിലുള്ള പദ്ധതിക്കുപുറമെ പുതിയ രാജീവ് ആരോഗ്യശ്രീ ഇൻഷ്വറൻസ് പദ്ധതിയുംകൂടി നിലനിർത്തുകയെന്നുള്ളത് പ്രായോഗികമായ കാര്യമല്ല. ബഡ്ജറ്റിൽ തൃശൂർ ജില്ലയെ പാടെ അവഗണിച്ചിരിക്കുന്നു എന്നുമാത്രമല്ല, ഗുരുവായൂർ ക്ഷേത്രനഗരിയുടെ വികസനത്തിനും പദ്ധതികളില്ല.

<u>ശ്രീ. പി. എ. മാധവൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ബഡ്ജറ്റ് സർക്കാരിന്റെ സുവ്യക്തമായ ദിശാബോധത്തിന്റെ പ്രതീകമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ദിവസങ്ങൾക്കുള്ളിൽ നൂറ് ദിന പരിപാടി പ്രഖ്യാപിക്കാനും മുഖ്യമന്ത്രിയുടെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കുമെന്ന തീരുമാനമെടുക്കാനും കഴിഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ വികസന മുരടിപ്പിൽ നിന്ന് സംസ്ഥാനത്തെ ഉയർത്തിക്കൊണ്ടു വരാനുള്ള ദീർഘവീക്ഷണത്തോടുകൂടിയ ശ്രമമാണ് ഈ ബഡ്ജറ്റിലൂടെ നടത്തിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് അവതരിപ്പിച്ച ഓരോ ബഡ്ജറ്റിലും സാങ്കൽപ്പികമായ സാമ്പത്തിക സ്രോതസ്സുകളാണ് ചൂണ്ടിക്കാണിച്ചിരുന്നത്. ഇസ്ലാമിക ബാങ്കിൽനിന്നും 40,000 കോടി രൂപ പശ്ചാത്തല വികസനത്തിനായി ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിൽവരുത്താൻ കഴിഞ്ഞില്ല. കേരളത്തിലെ കാർഷിക മേഖലയെ കാര്യക്ഷമമാക്കാനും സമഗ്ര വികസനത്തിനുതകുന്ന നിരവധി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാനും ഈ ബഡ്ജറ്റിലൂടെ കഴിഞ്ഞിട്ടുണ്ട്. ചെറുകിട നാമമാത്ര കർഷകർക്ക് ആദ്യമായി പെൻഷൻ ഏർപ്പെടുത്തിയതും കൃഷികാർക്ക് ആശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. കുട്ടനാട് പാക്കേജ് കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിന് മുൻകൈയെടുക്കണം. തൃശ്ശൂരിലെ കോൾ നിലങ്ങളേയും കർഷകരേയും രക്ഷിക്കാനായി പദ്ധതി ആവിഷ്ക്കരിക്കാനും അതിനാവശ്യമായ സഹായം കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കാനും നെല്ലുൽപാദകർക്ക് സംഭരണ വേളയിൽ തന്നെ നെല്ലിന്റെ വില നൽകാനും നടപടി സ്വീകരിക്കണം. നെല്ലുൽപാദനത്തിനും വിപണനത്തിനുമായി പാഡി ബോർഡ് രൂപീകരിക്കണം. ആരോഗ്യ രംഗത്ത് മികച്ച ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ മേഖലയിൽ നാല് പുതിയ

മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. മാലിന്യമുക്ത കേരളം എന്ന പ്രഖ്യാപനത്തിലൂടെ ശബരി മലയെ സീറോ വേസ്റ്റ് പദ്ധതിയിലുൾപ്പെടുത്തിയത് ശ്ലാഘനീയമാണ്. ഗുരുവായൂർ ക്ഷേത്രപരിസരവും സീറോ വേസ്റ്റ് പദ്ധതിയിലുൾപ്പെടുത്തണം. കേരളത്തിന്റെ വികസനാവശ്യങ്ങൾ കേന്ദ്രത്തിനു മുമ്പിൽ അവതരിപ്പിച്ച് മെട്രോ റെയിൽ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം നേടുന്നതിനും സർക്കാരിന്റെ നൂറ് ദിന പരിപാടിയിലുൾപ്പെ ടുത്തി അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. തൃശ്ശൂരിലെ പരമ്പാരഗത ഓട് വ്യവസായവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കുന്നതിന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനങ്ങൾ നടപ്പിലാ ക്കണം.

ശ്രീ. സാജുപോൾ: ബഡ്ജറ്റിനെ എതിർക്കുന്നു. സർക്കാരിന്റെ നൂറ് ദിന പരിപാടിയെ സംബന്ധിച്ച് ബഡ്ജറ്റിൽ പരാമർശിക്കാത്തത് അത്യന്തം ഖേദകരമാണ്. പുതിയ നാല് മെഡിക്കൽ കോളേജുകളും മലയാള സർവ്വക ലാശാലയും സ്ഥാപിക്കുന്നതിന് എടുത്ത തീരുമാനവും കോട്ടയം ജില്ലയിലെ ഇലവീഴാപൂഞ്ചിറ ഉൾപ്പെടെയുള്ള പ്രദേശങ്ങളെ ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തിയതും സ്വാഗതാർഹമാണ്. എന്നാൽ നാല് മെഡിക്കൽ കോളേജുകൾക്ക് വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4 പുതിയ യൂണിവേഴ്സിറ്റികൾ, കണ്ണൂർ വിമാന ത്താവളം, വിഴിഞ്ഞം തുറമുഖം, വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ തുടങ്ങിയ പദ്ധതികൾ ആരംഭിക്കാൻ സാധിച്ചു. യു.ഡി.എഫ്. പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള പദ്ധതികളും നയപ്രഖ്യാപന പ്രസംഗത്തിൽ

പറഞ്ഞ കാര്യങ്ങളും ബഡ്ജറ്റിൽ പരാമർശിക്കാത്തതും പല പദ്ധതികൾക്കും വേണ്ട തുക വകയിരുത്താത്തതും വിമർശനാത്മകമാണ്. കർഷക ത്തൊഴിലാളികളെയും പട്ടികജാതിക്കാരെയും തൊഴിലില്ലാത്തവരെയും വിദ്യാർത്ഥികളെയുമെല്ലാം അവഗണിച്ച ഒരു ബഡ്ജറ്റാണിത്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്ക് ഈ ബഡ്ജറ്റ് സഹായകരമാണ്. ജനവിധി മാനിക്കുകയും ധനസ്ഥിതിയുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തു കയും ചെയ്യുന്ന ഒരു ബഡ്ജറ്റാണിത്. റവന്യൂച്ചെലവ് കുറയ്ക്കാതെ മൂലധന ച്ചെലവ് വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ ശ്രമമാണ് ധനകാര്യവകുപ്പു മന്ത്രി നടത്തിയിട്ടുള്ളത്. കേന്ദ്രവിഹിതം വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര പദ്ധതികൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. പാരിസ്ഥിതിക പ്രശ്നങ്ങളാൽ ഊർജ്ജപദ്ധതികൾ ഉപേക്ഷിക്കേണ്ടിവരുന്നതിനാൽ ആൾട്ടർനേറ്റീവ് സോഴ്സ് കൊണ്ടുവരുന്നതി നുള്ള നടപടികൾ സ്വീകരിക്കണം. റിസർച്ച് സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. സർവ്വകലാശാലകളിൽ ഗവേഷണങ്ങൾ കാര്യക്ഷമ മാക്കുന്നതിനാവശ്യമായ പ്രോത്സാഹനം നൽകാൻ സർക്കാർ മുന്നോട്ടു വരണം. ഈ ബഡ്ജറ്റിനെക്കുറിച്ച് അടിസ്ഥാനരഹിതമായ വിമർശനങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. മങ്കടയിലെ അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനാവശ്യമായ തുക വകയിരുത്തണം. വള്ളുവനാട്ടിലെ സാംസ്ക്കാരിക പൈതൃകങ്ങളെയെല്ലാം സംരക്ഷിക്കാൻ കഴിയുന്നവിധം വള്ളുവനാടൻ വികസന അതോറിറ്റിയെ ഉപയോഗപ്പെടു ത്താനാവശ്യമായ എല്ലാ സഹായവുമുണ്ടാകണം.

<u>ശ്രീ. ഇ.കെ. വിജയൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ പ്രാദേശിക സന്തുലിതാവസ്ഥയും ജനകീയ ഐക്യവും തകർക്കുന്ന ബഡ്ജറ്റാണിത്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ മുഴുവൻ അടച്ചു പൂട്ടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന സമീപന മാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നതെങ്കിൽ അവർക്ക് ആശ്വാസ പദ്ധതികൾ പ്രഖ്യാപിക്കുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാനാവശ്യ മായ പദ്ധതികളാവിഷ്ക്കരിക്കണം. സംസ്ഥാനത്തെ സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പരിശ്രമമാണ് വേണ്ടത്. ക്ഷേമ പെൻഷനുകളെല്ലാം കൊടുത്തുതീർക്കാനും മിച്ചബഡ്ജറ്റുള്ള ഒരു സംസ്ഥാനമായി കേരളത്തെ മാറ്റാനും എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. ഒട്ടേറെ അതോറിറ്റികൾ രൂപീകരിച്ചുകൊണ്ട് ലോക്കൽ ബോഡി കളുടെ അധികാരം കവർന്നെടുക്കാനുള്ള ശ്രമം നടത്തുന്നത് ആശാസ്യമല്ല. എൽ.ഡി.എഫ്. ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കു കയും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക യും ചെയ്തു. ജനിക്കുന്ന ഓരോ കുഞ്ഞിന്റേയും പേരിൽ പതിനായിരം രൂപ നിക്ഷേപിക്കുന്ന പദ്ധതിയെക്കുറിച്ച് ഈ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടില്ല. നാദാ പുരം വികസന പദ്ധതിക്കാവശ്യമായ തുക വകയിരുത്തണം. എ.എസ്. കിട്ടിയ റോഡുകളുടെയും പാലങ്ങളുടെയും പണി പൂർത്തിയാക്കുന്നതിനും പുതിയ റോഡുകളും പാലങ്ങളും വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. "വികസനവും കരുതലും" മുദ്രാവാക്യമാക്കിക്കൊണ്ട് എൻഡോസൾഫാൻ ഇരകളെ സംരക്ഷിക്കാനും മൂലംപിള്ളിയിലെ ജനങ്ങളെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാനും മൂന്നാറിലെ കയ്യേറ്റഭൂമി ഒഴിപ്പിക്കൽ സാധ്യമാകുമെന്ന് തെളിയിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റേത് അപ്രായോഗികമായ പ്രഖ്യാപനങ്ങളായിരുന്നെങ്കിൽ അതിൽ നിന്നും വ്യത്യസ്തമായി പ്രായോഗികമായ വികസന സമീപനമാണ് ഈ ബഡ്ജറ്റിലുള്ളത്. വികസന പദ്ധതികൾ നടപ്പാക്കാനെന്ന പേരിൽ കടം വാങ്ങിയ പണം കടത്തിന്റെ തിരിച്ചടവിനും പലിശയ്ക്ക് നൽകുന്നതിനുംവേണ്ടി ഉപയോഗിച്ച് സമ്പദ്വ്യവസ്ഥയെ തകർക്കുന്ന സമീപനമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. കേരളത്തിന്റെ ആളോഹരി കടം ഇപ്പോൾ 16,074 രൂപയായി മാറിയിരിക്കുകയാണ്. ഈ ഗവൺമെന്റ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ വഴി 50000 യുവാക്കൾക്ക് മൂന്ന് മാസത്തിനുള്ളിൽ ട്രെയിനിംഗ് നൽകി പതിനായിരം പുതിയ സംരംഭങ്ങൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബി.പി.എൽ. കുടുംബങ്ങൾക്ക് ഓണത്തിന് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. രണ്ടര ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള 52 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനപ്രദമാകുന്ന രാജീവ് ആരോഗ്യശ്രീ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ പോവുകയാണ്. മുൻ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ മകൻ ശ്രീ. അരുൺകുമാറിന് മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം നൽകിയ നടപടി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണം. സ്വാമിനാഥൻ പാക്കേജ് നടപ്പാക്കുന്ന

കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റ് ഇതിലേക്കായി 200 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 43 കോടി രൂപയും ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനും മറ്റുമായി രണ്ട് കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബി.കോം കോഴ്സിന് കൂടുതൽ ബാച്ചുകൾ അനുവദിക്കണം. കേരളത്തിലെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് സംസ്ഥാനത്തിനകത്തുതന്നെ സാഹചര്യമൊരുക്കണം. ശബരിമല ആരോഗ്യ പാക്കേജ് നടപ്പിലാക്കണം. ആലപ്പുഴ പ്രസ്സ് ക്ലബ്ബിനുവേണ്ടി 20 ലക്ഷം രൂപ അനുവദിക്കണം.

ശ്രീ. ബാബു എം. പാലിശ്ശേരി: ബഡ്ജറ്റിനെ എതിർക്കുന്നു. പ്രാദേശിക അസന്തുലിതാവസ്ഥയും അസമത്വവും നിറഞ്ഞുനിൽക്കുന്ന ബഡ്ജറ്റിൽ മത്സ്യമേഖലയെ അവഗണിച്ചിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല വികസന പദ്ധതികളും ഈ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ല. കെ.എസ്.ഇ.ബി.ക്ക് 4,500 കോടി രൂപ കടമുണ്ടായിരുന്നതിൽ 3,000 കോടി രൂപയുടെ കടം വീട്ടാനും കെ.എസ്.ഇ.ബി.യെ 21 കോടി രൂപയുടെ ലാഭത്തിലെത്തിക്കാനും ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണങ്ങളും പ്രൊമോഷനും സമയബന്ധിതമായി നടപ്പിലാക്കാനും വൈദ്യുതി മേഖലയിൽ 4000

മെഗാവാട്ട് അധികമായി ഉത്പാദിപ്പിക്കാൻ 30 പദ്ധതികൾക്ക് തുടക്കം കുറിക്കാനും എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കുടിശ്ശികയായിരുന്ന രണ്ടര ലക്ഷം വൈദ്യുതി കണക്ഷനുകളും 22.5 ലക്ഷം പുതിയ കണക്ഷനുകളും നൽകുകയും 85 മണ്ഡലങ്ങളിലും 4 ജില്ലകളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുകയും ചെയ്തു. കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്യാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും അതിനുവേണ്ട പണം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

സഭ വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

-----